പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7798 15.07.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. സ്റ്റേഷനുകളിലെ വ്യാപാര സമുച്ചയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ :<br>" പി. സി. വിഷ്ണുനാഥ് :<br>" ഡൊമിനിക് പ്രസന്റേഷൻ :<br>" വി. ഡി. സതീശൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്രധാന കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകളിൽ വ്യാപാര സമുച്ചയം പദ്ധതിക്ക് രൂപം നൽകി യിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത്വഴി കൈവരിക്കാനുദ്ദേശിക്കു ന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ടിക്കറ്റേതരവരുമാനം ലഭ്യമാക്കുക, യാത്ര ക്കാർക്ക് സുരക്ഷാസംവിധാനവും മെച്ച പ്പെട്ട വിശ്രമ / കാത്തിരിപ്പ് സൗകര്യങ്ങളും ഉറപ്പുവരുത്തുക മുതലായ ഉദ്ദേശ്യലക്ഷ്യ മാണ് ഇതിൽ ഉള്ളത്. കൂടാതെ ബസ്സ് സമ യം സൂചിപ്പിച്ചുകൊണ്ടുള്ള ഇലക്ട്രോണിക് ഡിസ്പ്ലേ സംവിധാനം പരിഗണനയിലുണ്ട്. സർവ്വോപരി വനിതാ യാത്രക്കാരുടെ സുര ക്ഷയും സൗകര്യങ്ങളും ഉറപ്പുവരുത്തുന്ന തുമാണ്. |
| (സി) | കെ.എസ്.ആർ.ടി.സി. യുടെ വരു മാനം വർദ്ധിപ്പിക്കാൻ ഈ പദ്ധതി എത്രമാത്രം സഹായകരമാകുമെ ന്നാണ് കരുതുന്നത്; വിശദമാക്കു മോ; | (സി) | ബി.ഒ.റ്റി കോംപ്ലക്സുകളിൽ ബി.ഒ.റ്റി കാല യളവിൽ കടമുറികൾ വാടകയ്ക്ക് നൽകു ന്നതുവഴി ലഭിക്കുന്ന വരുമാനത്തിൽ ചെലവ് കഴിച്ചുള്ളതുകയുടെ 50% കെ. എസ്.ആർ.ടി.സി.ക്ക് ലഭിക്കുന്നതാണ്. പലിശ രഹിത നിക്ഷേപം സ്വീകരിച്ചു കൊണ്ട് കാസർഗോഡ്, കാട്ടാക്കട, കൊട്ടാര ക്കര എന്നിവിടങ്ങളിൽ വാണിജ്യ സമുച്ച യം നിർമ്മിക്കുകയും അതിൽ നിന്നും |

| | | | |
|---|---|---|---|
| | | | നിർമ്മാണ ചെലവ് കഴിഞ്ഞ് മിച്ചം തുക കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിച്ചിട്ടുമുണ്ട്. കൂടാതെ വാടകയിനത്തിലും മേൽ പറഞ്ഞ ബസ് ടെർമിനൽ / ഷോപ്പിംഗ് കോംപ്ലക് സുകളിൽ നിന്നും പ്രതിമാസ വരുമാനം ലഭിച്ചു തുടങ്ങിയിട്ടുണ്ട്. |
| (ഡി) | എല്ലാ ബസ്സ് സ്റ്റേഷനുകളിലും പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശ ങ്ങൾ എന്തെല്ലാം? | (ഡി) | രണ്ടു ഘട്ടങ്ങളിലായി 59 കേന്ദ്രങ്ങളിൽ വാണിജ്യ സമുച്ചയങ്ങളും ബസ് ടെർമിനലു കളും നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിട്ടു ള്ളത്. വിഭവ ലഭ്യതക്കനുസരിച്ച് മാത്രമെ ഇവ പൂർത്തിയാക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ